**പതിനാലാം കേരള നിയമസഭ**

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3890      21.06.2019-ലെ മറുപടിയ്ക്ക്

## കിക്കോഫ് പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി.പി.അയിഷാ പോറ്റി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായിക വകുപ്പ് സ്കൂൾ തലത്തിൽ കിക്കോഫ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഒന്നാംഘട്ടത്തിൽ ഏതെല്ലാം ജില്ലകളെ പ്രസ്തുത പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുണ്ട്; | (ബി) | കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി 14 ജില്ലകളിലുമായി 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | പ്രസ്തുത ജില്ലകളിലെ ഏതെല്ലാം സ്കൂളുകൾ പദ്ധതിയിൽ ഉൾപ്പെടുന്നു എന്നും പദ്ധതി വഴി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് ലഭിക്കുന്ന സൗകര്യങ്ങൾ എന്തെന്നും വെളിപ്പെടുത്തുമോ? | (സി) | കിക്കോഫ് പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട 20 സ്കൂളുകളുടെ ലിസ്റ്റ് **അനുബന്ധമായി** ഉൾക്കൊള്ളിച്ചിട്ടുണ്ട്.<br>ഫുട്ബോൾ പരിശീലന പദ്ധതിയ്ക്കായി സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ കുട്ടികൾക്കു പുറമേ ടി സ്കൂളിന്റെ പരിസര പ്രദേശങ്ങളിലെ സ്കൂളുകളിലെ കുട്ടികളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് Zig Zag, 2 Vs 2, Speed Test എന്നീ ഇനങ്ങൾ ഉൾപ്പെടുന്ന ടെസ്റ്റ് നടത്തി 50 കുട്ടികളെ തെരഞ്ഞെടുക്കുകയും അവർക്ക് 4 ദിവസത്തെ പരിശീലന ക്യാമ്പ് സംഘടിപ്പിച്ച് വീണ്ടും മത്സരം നടത്തി അതിൽ മികവ് തെളിയിക്കുന്ന 25 കുട്ടികൾക്കാണ് മികച്ച പരിശീലനത്തിനുവേണ്ടി സൗകര്യം ഒരുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട 25 കുട്ടികൾക്ക് ഓരോ ആഴ്ചയിലും രണ്ടു ദിവസം ഒന്നര മണിക്കൂർ വീതം പരിശീലനം നൽകും. അതിനുശേഷം സ്കൂൾ തലത്തിലും ജില്ലാ |

| | | | |
|---|---|---|---|
| | | | തലത്തിലും സംസ്ഥാന തലത്തിലും ഈ കുട്ടികൾക്കായി മത്സരം സംഘടിപ്പിക്കും. മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന കുട്ടികൾക്ക് ദേശീയ-അന്തർദേശീയ തലത്തിലുള്ള മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ലഭിക്കും. |

**സെക്ഷൻ ഓഫീസർ**

# അനുബന്ധം

| ക്രമ നം | സ്കൂളിന്റെ പേര് | ജില്ല |
|---|---|---|
| 1 | ജി.വി.എച്ച്.എസ്.എസ്.കുളത്തൂർ, തിരുവനന്തപുരം | തിരുവനന്തപുരം |
| 2 | ജി.എച്ച്.എസ്, ചവറ, ശങ്കരമംഗലം | കൊല്ലം |
| 3 | കെ.എം. ജി.എച്ച്.എസ്., തിരുവല്ല | പത്തനംതിട്ട |
| 4 | ജി.എച്ച്.എസ്., കലവൂർ, മാരാരികുളം | ആലപ്പുഴ |
| 5 | ജി.എച്ച്.എസ്.എസ്.,തലയോലപറമ്പ്, വൈക്കം | കോട്ടയം |
| 6 | ജി.ട്രൈബൽ എച്ച്.എസ്.എസ്. കട്ടപ്പന | ഇടുക്കി |
| 7 | ജി.എച്ച്.എസ്.എസ്., എളംകുന്നപ്പുഴ | എറണാകുളം |
| 8 | ജി.എച്ച്.എസ്.എസ്., എരുമപ്പെട്ടി | തൃശ്ശൂർ |
| 9 | ജി.എച്ച്.എസ്., മണത്തല, ഗുരുവായൂർ | തൃശ്ശൂർ |
| 10 | ജി.എച്ച്.എസ്.എസ്., കാരക്കുറിശ്ശി | പാലക്കാട് |
| 11 | ജി.എച്ച്.എസ്.എസ്., പട്ടാമ്പി | പാലക്കാട് |
| 12 | രാജാസ് ജി.എച്ച്.എസ്.എസ്., കോട്ടക്കൽ | മലപ്പുറം |
| 13 | ജി.എച്ച്.എസ്.എസ് പയ്യാമ്പ്ര, കുരുവാട്ടൂർ, കോഴിക്കോട് | കോഴിക്കോട് |
| 14 | ജി.എച്ച്.എസ്.എസ്., പനമരം, വയനാട് | വയനാട് |
| 15 | കെ.പി.ആർ.എം.ജി.എച്ച്.എസ്.എസ്.കല്യാശ്ശേരി | കണ്ണൂർ |
| 16 | ജി.എച്ച്.എസ്.എസ്, കുടാലി, കണ്ണൂർ | കണ്ണൂർ |
| 17 | ജി.എച്ച്.എസ്.എസ്.ചിറ്റാരിപ്പറമ്പ്, കണ്ണൂർ | കണ്ണൂർ |
| 18 | പയ്യന്നൂർ ജി.എച്ച്.എസ്.എസ്, കണ്ണൂർ | കണ്ണൂർ |
| 19 | ഐ.എം.എൻ.എസ്.ജി.എച്ച്.എസ്.എസ് മയ്യിൽ | കണ്ണൂർ |
| 20 | ജി.എഫ്.എച്ച്.എസ്.എസ്., പടന്ന കടപ്പുറം | കാസർഗോഡ് |

5.10